(സി) ഇതിൽ എത്ര രൂപ ചെലവാക്കി;

(ഡി) സംസ്ഥാന സർക്കാർ ഈ കാലയളവിൽ ഓരോ വർഷവും നീക്കിവെച്ച തുക എത്രയാണ്;

(ഇ) എത്ര രൂപ ചെലവാക്കി?

ഉത്തരം

(എ) ലോക ബാങ്ക് പദ്ധതിക്കു പുറമേ ഗ്രാമീണ വിറകു തോട്ടപദ്ധതി, എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. I ആന്റ് 2, വികേന്ദ്രീകൃത നഴ്സറി, ചെറുകിട കർഷക പദ്ധതി എന്നിവയിൽ കൂടിയാണ് തുക സമാഹരിക്കുന്നത്.

(ബി,സി,ഡി,ഇ) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

## വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലെ വനവൽക്കരണം

77 [3730] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടേയും, ദേശീയപാർക്കുകളുടേയും പരിധിയിൽപ്പെട്ട വനങ്ങളിൽ കഴിഞ്ഞ ആറ് സാമ്പത്തിക വർഷത്തിനുള്ളിൽ വനവൽക്കരണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിസ്തീർണ്ണവും ഇവ നട്ടു വളർത്താൻ വേണ്ടി ഓരോ കേന്ദ്രത്തിലും ചെലവാക്കിയ തുകയും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ ഇനം മരങ്ങളാണ് നട്ടത്;

(ഡി) ഈ കേന്ദ്രങ്ങളുടെ പരിധിയിൽ ഈ കാലയളവിൽ പുൽമേടുകാം തോട്ടങ്ങളാക്കി മാററിയിട്ടുണ്ടെങ്കിൽ അവയുടെ വിസ്തീർണ്ണവും ഇതിനുവേണ്ടി ചെലവായ തുകയും എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി, തിരുവനന്തപുരം, പറമ്പിക്കുളം, പീരുമേട് എന്നീ വൈൽഡ് ലൈഫ് ഡിവിഷനുകളുടെ പരിധിയിൽ വരുന്ന സബ് കേന്ദ്രങ്ങളിൽ വനവൽക്കരണം നടത്തിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

ഇടുക്കി ഡിവിഷൻ:

| | | | |
|---|---|---|---|
| ഇടുക്കി സാങ്ചറി | 1985 | 5.12 ഹെക്ടർ, | 1987 4.5 ഹെക്ടർ. |
| തട്ടേക്കാട് പക്ഷിസങ്കേതം | 1986 | 4.5 ,, | |
| ചിന്നാർ സാങ്ചറി | 1987 | 5.0 ,, | |

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ഡിവിഷൻ:

| | | |
|---|---|---|
| പേപ്പാറ | 1986-87 | 203 ഹെക്ടർ |
| നെയ്യാർ | 1987-88 | 200 ,, |
| ഷെന്തുർണി | 1986-87 | 100 ,, |

പറമ്പിക്കുളം ഡിവിഷൻ:

| | | |
|---|---|---|
| സുങ്കം | 1983 | 35.58 ഹെക്ടർ |
| പീരുമേട് | ഈ ഡിവിഷനിൽ പുതിയതായി വനവൽക്കരണം നടത്തിയിട്ടില്ല. ഫെയറിൽഡ് ഏരിയായിൽ 100.96 ഹെക്ടർ സ്ഥലത്ത് വീണ്ടും തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. തേക്കടിയിൽ വനവൽക്കരണം നടത്തിയിട്ടില്ല. വയനാട് ഡിവിഷനിലെ വിവരങ്ങൾ ലഭിച്ചിട്ടില്ല. ആയത് ഉടനെ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. | |

സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുള്ള സോഷ്യൽ ഫോറസ്ട്രി പ്രോജക്ട്, ആർ.എൽ.ഇ.ജി.പി. ഫോർ എക്കോഡെവലപ്പ്‌മെന്റ് ഇൻ ഇടുക്കി ഡിസ്ട്രിക്ട് എന്ന സ്കീമിൽ താഴെ പറയുന്ന വനവൽക്കരണ ജോലികൾ നടത്തിയിട്ടുണ്ട്.

(1) കണ്ണംകയം ഭാഗത്ത് 35 ഹെക്ടർ സ്ഥലത്ത് സിൽവർഓക്ക്, മുള, മണിമരുത് എന്നീ തൈകൾ നട്ടിട്ടുണ്ട്.

(2) വേങ്ങാനം ഭാഗത്ത് ഉദ്ദേശം 30 ഹെക്ടർ സ്ഥലത്ത് സിൽവർഓക്ക്, മുള, മണിമരുത് തുടങ്ങിയ തൈകൾ നടുന്നതിനുള്ള പ്രാരംഭ ജോലികൾ നടന്നുവരുന്നു.

ഓരോ കേന്ദ്രത്തിലും വനവൽക്കരണത്തിനുവേണ്ടി ചെലവായ തുകയുടെ വിവരം താഴെ ചേർക്കുന്നു:

| ഇടുക്കി: | | രൂപ |
|---|---|---|
| ഇടുക്കി | .. | 56,316.25 |
| തട്ടേക്കാട് | .. | 15,239.00 |
| ചിന്നാർ | .. | 33,531.00 |
| ആകെ | .. | 1,05,086.25 |

| തിരുവനന്തപുരം: | | |
|---|---|---|
| നെയ്യാർ | .. | 54,600.00 |
| പേപ്പാറ | .. | 51,435.00 |
| ഷെന്തുർണി | .. | 29,300.00 |
| ആകെ | .. | 1,35,335.00 |



LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| പറമ്പിക്കുളം | .. | 92,328.00 |
| **പീരുമേട്:** | | |
| പച്ചക്കാനം | .. | 1,12,966.00 |
| വള്ളക്കടവ് | .. | 2,10,144.00 |
| പീരുമേട് | .. | 2,04,771.00 |
| ആകെ | .. | 5,27,881.00 |

എകോറെസ്റ്റോറേഷൻ സ്കീമിൽ ഉൾപ്പെടുത്തി നടത്തിയ വനവൽക്കരണ പ്രവർത്തനങ്ങളെക്കുറിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ഫോറസ്റ്റ് റെയ്ഞ്ചുകളിൽ നിർമ്മിച്ച തോട്ടങ്ങൾ

78 [3731] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഫോറസ്റ്റ് റെയ്ഞ്ചുകളുണ്ട്;

(ബി) അവ ഏതെല്ലാം;

(സി) 1987-88 സാമ്പത്തിക വർഷത്തിൽ ഈ റെയ്ഞ്ചിൽ എവിടെയെങ്കിലും തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) അതിനായി എന്തു തുക ചെലവായി?

ഉത്തരം

(എ) 148.

(ബി) അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. †

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

ഇരവികുളം ദേശീയ പാർക്ക്

79 [3732] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly